"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകപ്പ് - കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും അപ്പലേറ്റ് അതോറിറ്റി ആയി MGNREGS സ്റ്റേറ്റ് മിഷൻ ഡയറക്ടറെയും നിയമിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.254/2026/LSGD തീയതി,തിരുവനന്തപുരം, 01-02-2026

---

പരാമർശം: കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 02.12.2026 തീയതിയിലെ 346/25/KTTKB/RTI നമ്പർ കത്ത്

**ഉത്തരവ്**

കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫീസിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഒഴികെ നിലവിൽ സൂപ്പർവൈസറി ജീവനക്കാർ ഇല്ലാത്ത സാഹചര്യത്തിൽ വിവരാവകാശ നിയമം 2005 പ്രകാരമുള്ള പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തുന്നതിനും അസിസ്റ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി കരാർ ജീവനക്കാരിൽ ഒരാളെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ അംഗീകാരം തേടുന്നതിനും അപ്പലേറ്റ് അതോറിറ്റിയെ ചുമതലപ്പെടുത്തുന്നതിന് സർക്കാരിനോട് ആവശ്യപ്പെടുന്നതിനും കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 24.10.2025-ലെ യോഗ തീരുമാനം 10 പ്രകാരം തീരുമാനിക്കുകയും തുടർന്ന് ഇക്കാര്യത്തിൽ അടിയന്തിരമായ തീരുമാനം ഉണ്ടാകണമെന്ന് പരാമർ ശം (1) പ്രകാരം കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുമുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി അതിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും അപ്പലേറ്റ് അതോറിറ്റി ആയി MGNREGS സ്റ്റേറ്റ് മിഷൻ ഡയറക്ടറെയും നിയമിച്ച് ഉത്തരവാകുന്നു. അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി ക്ലർക്ക്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്ററായ കരാർ ജീവനക്കാരിൽ ഒരാളെ, സീനിയോറിറ്റിയുടെ

അടിസ്ഥാനത്തിൽ, ചുമതലപ്പെടുത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ളിക്ക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ) വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻോ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 02-02-2026 14:39:19
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്